**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2840** **25-06-2024 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ ഓരോ കോളനിയിലേയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | മങ്കട മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേക്ക് ഉൾപ്പെടുത്തിയിട്ടുള്ള കളത്തിൽ ചാളക്കൽ അംബേദ്കർ ഗ്രാമം (2016-17), ചൊവ്വണ അംബേദ്കർ ഗ്രാമം (2016-17), അമ്പലപ്പറമ്പ് അംബേദ്കർ ഗ്രാമം (2019-20) എന്നീ പ്രവർത്തികൾ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം പൂർത്തീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടിയിൽപ്പറമ്പ് അംബേദ്കർ ഗ്രാമം, കല്ലറാംകുന്ന് അംബേദ്കർ ഗ്രാമം എന്നീ പ്രവർത്തികൾക്കായി ജില്ലാ നിർമ്മിതി കേന്ദ്രം സമർപ്പിച്ച എസ്റ്റിമേറ്റിന് അംഗീകാരം നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിൽ തടസ്സങ്ങൾ ഒന്നും നിലവിലില്ല. |
| (ബി) | ഓരോ കോളനിയിലെയും പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള നിർവ്വഹണ ഏജൻസികൾ ഏതെന്നും ഓരോ പ്രവൃത്തിയും എത്ര ശതമാനം പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ; | (ബി) | മറുപടി (എ) പിരിവിൽ ഉൾപ്പട്ടുത്തിയിരിക്കുന്നു |
| (സി) | ഓരോ കോളനിയിലെയും ഏതെല്ലാം പ്രവൃത്തികളാണ് അവശേഷിക്കുന്നതെന്നും പ്രവൃത്തികൾ നടപ്പാക്കുന്നതിൽ തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോയെന്നും അറിയിക്കുമോ; | (സി) | മറുപടി (എ) പിരിവിൽ ഉൾപ്പട്ടുത്തിയിരിക്കുന്നു |
| (ഡി) | മുഴുവൻ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | MoU ഒപ്പിട്ട് ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ